പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2005 — 01.02.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അലവൻസുകൾ

ചോദ്യം

ശ്രീ.കെ.എം.ഷാജി

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് യൂണിഫോം അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകൾ നൽകി വരുന്നത്; എത്ര രൂപ വീതം, എത്ര കാലത്തിലൊരിക്കലാണ് ഇവ നൽകുന്നത്; വിശദ വിവരം ലഭ്യമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയിലെ ഡ്രൈവർ, കണ്ടക്ടർ, സ്റ്റേഷൻ മാസ്റ്റർ, ഇൻസ്പെക്ടർ, ഹെഡ് വെഹിക്കിൾ സൂപ്പർ വൈസർ, വെഹിക്കിൾ സൂപ്പർ വൈസർ, ചാർജ്ജ്മാൻ, മെക്കാനിക്ക്, സ്റ്റോർ ഇഷ്യൂവർ, സ്റ്റോർ അസിസ്റ്റന്റ്, പമ്പ് ഓപ്പറേറ്റർ, ടയർ ഇൻസ്പെക്ടർ, ടയർ റീട്രേഡർ, പ്യൂൺ, സ്വീപ്പർ, ഗ്യാരേജ് മസ്ദൂർ, ബൈൻഡർ, സെക്യൂരിറ്റി ഗാർഡ് എന്നീ വിഭാഗം ജീവനക്കാർക്കാണ് യൂണിഫോം അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകൾ നൽകിവരുന്നത്. സ്റ്റേഷൻ മാസ്റ്റർ, ഇൻസ്പെക്ടർ, വെഹിക്കിൾ സൂപ്പർ വൈസർ, ഹെഡ് വെഹിക്കിൾ സൂപ്പർ വൈസർ, ചാർജ്ജ്മാൻ, ഗാർഡ്, അസിസ്റ്റന്റ് സാർജന്റ്, സാർജന്റ്, ചീഫ് സാർജന്റ് എന്നീ വിഭാഗങ്ങൾക്ക് 1250/- രൂപ നിരക്കിലും, യൂണിഫോം അണിയാൻ നിഷ്കർഷിച്ചിട്ടുള്ള ഇതര വിഭാഗങ്ങളിൽ പെട്ടവർക്ക് 1000/- രൂപ നിരക്കിലുമാണ് യൂണിഫോം അലവൻസ് അനുവദിക്കുന്നത്. വർഷത്തിൽ ഒരു തവണ മാത്രമാണ് ടി അലവൻസ് അനുവദിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ പ്രസ്തുത അലവൻസുകൾ നൽകിയിട്ടുണ്ടെന്നും ഇനി എത്ര തവണത്തെ അലവൻസുകൾ നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | 2016, 2017 വർഷങ്ങളിലെ യൂണിഫോം അലവൻസുകൾ അനുവദിക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ